# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.369 15.07.2015-ൽ മറുപടിക്ക്

### മഴവെള്ള സംഭരണം -ഭൂജലപരിപോഷണം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.റ്റി.ജോർജ്<br>,, വി.റ്റി.ബൽറാം<br>,, ആർ . സെൽവരാജ് : | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ. സംസ്ഥാനത്ത് മഴവെള്ള സംഭരണം - ഭൂജലപരിപോഷണം പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ. ഉണ്ട്. |
| ബി എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | ബി<br>▪ മഴവെള്ളം സംഭരിച്ചുപയോഗിക്കുന്ന സംസ്കാരം കേരളത്തിലൂടനീളം പ്രചരിപ്പിക്കുക.<br>▪ കുടിവെള്ളം ലഭ്യമാക്കുവാൻ സാധിക്കുന്ന പ്രദേശങ്ങളിൽ മഴവെള്ളം ശേഖരിച്ച് കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുക<br>▪ വരൾച്ചയെ പ്രതിരോധിക്കുന്നതിനുള്ള മാർഗ്ഗമായി മഴവെള്ള സംഭരണം, ഭൂജല പരിപോഷണം എന്നിവ പ്രോത്സാഹിപ്പിക്കുക.<br>▪ മഴവെള്ള സംഭരണ മാതൃകകൾ സജ്ജമാക്കി ജനങ്ങളെ ഇത്തരം പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കുക |

| | | | |
|---|---|---|---|
| | | | ▪ മഴവെള്ളം സംഭരിച്ച് ജലാശയങ്ങളെ പരിപോഷിപ്പിക്കുക<br>▪ മഴവെള്ളം ജലഗുണനിലവാര പ്രശ്നത്തിന് പരിഹാരമായി ഉപയോഗപ്പെടുത്തുക. |
| സി | ഏത് കേന്ദ്ര ഏജൻസിയാണ് പദ്ധതിയുടെ നടത്തിപ്പിന് നേതൃത്വം നൽകുന്നത് | സി | കേന്ദ്ര ഏജൻസികൾക്ക് ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധമില്ല. പകരം ജലവിഭവ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളായ കെ.ആർ.ഡബ്ല്യു.എസ്.എ. മഴകേന്ദ്രം, ജലശ്രീ-സി.സി.ഡി.യു എന്നിവ സംയുക്തമായി ഈ പദ്ധതി നടപ്പിലാക്കുന്നു. |
| ഡി | പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്? | ഡി | കെ.ആർ.ഡബ്ല്യു.എസ്.എ. യുടെ ഭാഗമായുള്ള ജലനിധി പദ്ധതി, മഴകേന്ദ്രം, സി.സി.ഡി.യു. ഗ്രാമപഞ്ചായത്തുകൾ എന്നീ സ്ഥാപനങ്ങളുടെ വിവിധങ്ങളായ സംവിധാനങ്ങളും ഏകോപനവുമാണ് പദ്ധതി നടത്തിപ്പിന് ഏർപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ